**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1048.** **05.02.2020 ൽ മറുപടിയ്ക്ക്**

**പബ്ബുകളുടെ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.റോജി.എം.ജോൺ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പബ്ബുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് പബ്ബുകൾ ആരംഭിക്കുന്നതിന് നിലവിൽ വിദേശ മദ്യ ചട്ടത്തിൽ വ്യവസ്ഥകൾ ഉണ്ട്. ഇത് വർഷങ്ങളായി നിലനിൽക്കുന്ന ചട്ടം ആണ്. വിദേശമദ്യ ചട്ടം 13 (13) പ്രകാരം സംസ്ഥാനത്ത് പബ്ബ് ബിയർ പാർലർ ലൈസൻസുകൾ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപറേഷനും കേരളാ ടൂറിസം ഡെവലപ്പ്മെന്റ് കോർപറേഷനും, കേരളാ ടൂറിസം ഡെവലപ്പ്മെന്റ് കോർപറേഷൻ ഉൾപ്പെടുന്ന ജോയിന്റ് സെക്ടർ ഹോട്ടലുകൾക്കും 50,000/- രൂപ ലൈസൻസ് ഫീസ് ചുമത്തി അനുവദിക്കാവുന്നതാണെന്ന് നിലവിലെ നിയമത്തിൽ പരാമർശിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിരുന്നോയെന്ന് അറിയിക്കാമോ; | (ബി) | കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല |
| (സി) | പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയായിരുന്നുവെന്ന് വെളിപ്പെടുത്താമോ; | (സി) | ബാധകമല്ല. |
| (ഡി) | സംസ്ഥാനത്ത് നിലവിൽ പബ്ബുകൾ ഇല്ലാത്തത് മൂലം ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പബ്ബുകൾ ആരംഭിക്കണമെന്ന നിർദ്ദേശം ഐ.റ്റി/വിനോദ സഞ്ചാര മേഖലകളിൽ നിന്നും ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്ത് വ്യാപകമായി പബ്ബുകൾ അനുവദിക്കുന്നതിലൂടെ സർക്കാരിന്റെ വരുമാനം വർദ്ധിക്കുമെന്നും അങ്ങനെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സാധിക്കുമെന്നും വിലയിരുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | നിലവിലുള്ള നിയമപ്രകാരം പബ്ബ്/ബിയർ പാർലർ ലൈസൻസ് ഫീസ് 50,000/- രൂപ മാത്രമാണ്. പബ്ബ്/ബിയർ പാർലർ അനുവദിക്കുന്നതിലൂടെ വലിയ തോതിലുള്ള വരുമാനം ഉണ്ടാകില്ല. |

സെക്ഷൻ ഓഫീസർ